ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി1/19193/റ്റിസി/2009

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 03-12-2012

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ എൻഫോഴ്സ്മെന്റ് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- *മോട്ടോർ വാഹന വകുപ്പ്*— ബസ് കണ്ടക്ടർമാർക്ക് നെയിംപ്ലേറ്റ് നിർബന്ധമാക്കുന്നത് — സംബന്ധിച്ച്

സൂചന :-
1. ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഗസറ്റ് ഉത്തരവ് നമ്പർ സി1/19193/റ്റിസി/09
2. 04-06-2011, 20-03-2012 തീയതികളിലെ ഇതേ നമ്പർ കത്ത്.

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരമുള്ള ഗസറ്റ് ഉത്തരവിലൂടെ കണ്ടക്ടർമാർക്ക് നെയിംപ്ലേറ്റ് നിർബന്ധമാക്കിക്കൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് താങ്കൾക്ക് അറിവുള്ളതാണല്ലോ. ഈ ഉത്തരവ് കർശ്ശനമായി നടപ്പിൽ വരുത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു എങ്കിലും ആയത് നടപ്പിൽ വരുത്തുന്നതിൽ വീഴ്ച്ച വരുത്തുന്നതായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സൂചന (1) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയിട്ടുള്ള നിർദ്ദേശം കർശ്ശനമായി നടപ്പിൽ വരുത്തുന്നതിന് വേണ്ട എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവ് പാലിക്കാത്തവർക്കെതിരെ നിയമപരമായി കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ഉത്തരവ് നടപ്പിൽ വരുത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികളുടെ വിശദ റിപ്പോർട്ട് എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും തങ്ങൾക്ക് കീഴിലുള്ള ഓഫീസുകളിൽനിന്നും ക്രോഡീകരിച്ച് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

സിഎ